# കേരള സർക്കാർ

പരിസ്ഥിതി (എ) വകുപ്പ്

## സർക്കുലർ

നമ്പർ 3784/എ2/12/പരി. *തിരുവനന്തപുരം, 2013 ഫെബ്രുവരി 7.*

*വിഷയം:*—പരിസ്ഥിതി വകുപ്പ്—ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പരിശോധനാനുമതി—സംബന്ധിച്ച്.

പ്രാദേശിക ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അറിവും അവയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക എന്നത് 2008-ലെ കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസിലെ ചട്ടം 20 (7) പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതിയുടെ (BMC) യും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിയമപരമായ ചുമതലയാണ്. ഇപ്രകാരം തയ്യാറാക്കുന്ന രജിസ്റ്ററിലെ ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങളും പരമ്പരാഗത വിജ്ഞാനവും പുറമെയുള്ള വ്യക്തികൾക്കും ഏജൻസികൾക്കും പ്രാപ്യമാകാതെ സംരക്ഷിക്കേണ്ട ചുമതലയും ജൈവവൈവിധ്യ നിയമങ്ങൾ 2002 വകുപ്പ് (3) കേന്ദ്ര ജൈവവൈവിധ്യ നിയമങ്ങൾ 2004 വകുപ്പ് (14), സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 വകുപ്പ് (7) എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികളിലും നിക്ഷിപ്തമാണ്.

(2) എന്നാൽ മേൽ നിയമങ്ങൾക്ക് വിരുദ്ധമായി ജൈവവൈവിധ്യ രജിസ്റ്ററുകൾ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ ജൈവവൈവിധ്യ ബോർഡോ, സംസ്ഥാന സർക്കാരോ അറിയാതെ നേരിട്ട് അന്യ ഏജൻസിക്കു ലഭ്യമാക്കിയതായുള്ള ഒരു സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജൈവ വൈവിധ്യ രജിസ്റ്റർ പരിപാലനത്തിൻ മേൽ പരാമർശിച്ച നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്നും, ജൈവ വൈവിധ്യ

GCPT. 3/824/2013/DTP.

മാനേജ്മെന്റ് കമ്മിറ്റിയും, സംസ്ഥാന ജൈവവൈവിധ്യ ബോർഡോ, സംസ്ഥാന സർക്കാരോ അതാതു സംഗതികളിൽ ബാധകമാകുന്ന രീതിയിൽ അനുവദിച്ച പ്രകാരം മാത്രമേ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിലെ വിവരങ്ങൾ വിദേശ വ്യക്തികൾക്കും ഏജൻസികൾക്കും പ്രാപ്യമാക്കാൻ പാടുള്ളൂ എന്ന് അറിയിക്കുന്നു. അതുപോലെ ജൈവ വൈവിധ്യ സംബന്ധമായ അറിവുകൾ, അവ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടു ത്തുന്നത് എന്നീ കാര്യങ്ങളിൽ ജൈവവൈവിധ്യ നിയമം 4-ാം വകുപ്പുപ്രകാരം മാത്രമേ നടപടി സ്വീകരിക്കാൻ പാടുള്ളൂ എന്നും ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കുന്നു.

ജെയിംസ് വർഗ്ഗീസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

പഞ്ചായത്ത് ഡയറക്ടർ, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം-33
നഗരകാര്യ ഡയറക്ടർ, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം-33
മെമ്പർ സെക്രട്ടറി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---